(സി) 8

(ഡി) പുതുതായി അനുവദിച്ച ബാച്ചുകളിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതു പൂർത്തിയാകുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഹയർസെക്കന്ററി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക

38 (5107) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഹയർസെക്കന്ററിയിലെ കായിക വിദ്യാഭ്യാസ പീരിഡുകൾ കൈകാര്യം ചെയ്യുന്നതിന് ഹൈസ്കൂളിലെ കായികാദ്ധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അപ്രകാരം ചുമതല നിർവ്വഹിക്കുന്ന അദ്ധ്യാപകന് ഇതിനായി 200 രൂപ സ്പെഷ്യൽ അലവൻസ് നൽകുവാനുള്ള വ്യവസ്ഥയുമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവർ

39 (5108) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റ്, റീജണൽ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഹയർ സെക്കന്ററി വകുപ്പിനെ പൊതു വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർസെക്കന്ററി വകുപ്പിൽ ജോലിചെയ്യുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാരെ അവരുടെ ലാവണങ്ങളിലേക്ക് തിരിച്ചയയ്ക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എയ്ഡഡ് കോളേജിൽ നിന്നും 2 പേർ, റവന്യൂ വകുപ്പിൽ നിന്നും ഒരാൾ, സെക്രട്ടേറിയറ്റിൽ നിന്നും 18 പേർ, റീജിയണൽ ഡയറക്ടറേറ്റിൽ സെക്രട്ടേറിയറ്റിൽ നിന്നും ഒരാൾ.

(ബി) പരിഗണനയിലില്ല.

(സി&ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ സർവ്വകലാശാലകളിൽ നിന്നും ജോലി നോക്കി വന്നിരുന്ന ജീവനക്കാരെ 27-4-2015 -ലെ ജി.ഒ.(എം.എസ്.) നമ്പർ96/15/ പൊ.വി.വ. ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താൽപ്പര്യമുള്ള പക്ഷം വകുപ്പിൽ അബ്സോർബ് ചെയ്യുന്നതിനും അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃസ്ഥാപനത്തിലേയ്ക്ക് 31-5-2015 തീയതി പ്രാബല്യത്തിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. 16 യൂണിവേഴ്സിറ്റി ജീവനക്കാരെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷനിലും മറ്റും ഇപ്പോഴും തുടരുന്ന ജീവനക്കാരെ വകുപ്പിൽ പ്രൊമോഷനിലൂടെയും മറ്റും സ്ഥിരനിയമനം നടത്തുന്നമുറയ്ക്ക് തിരിച്ചയയ്ക്കുന്നതാണ്.

ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

40 (5109) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യത്തിന് ജീവനക്കാരില്ലാത്തതു കാരണം ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷ നടത്തിപ്പ്, ഫലം പ്രസിദ്ധീകരിക്കൽ, മാർക്ക് ലിസ്റ്റ് നൽകൽ, സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ തുടങ്ങി സമയബന്ധിതമായി തീർക്കേണ്ട ജോലികൾ ജീവനക്കാരുടെ കുറവുമൂലം കൃത്യതയോടെ നടത്താൻ നിലവിലുള്ള ജീവനക്കാർ പ്രയാസപ്പെടുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly